LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വാതന്ത്ര്യദിന/ റിപ്പബ്ലിക്ദിന പരേഡിനും സർക്കാർ നടത്തുന്ന ആഘോഷ പരിപാടികൾക്കും വി.ഐ.പി/വി.വി.ഐ.പി. എന്നിവരുടെ എസ്കോർട്ട് ഡ്യൂട്ടികൾക്കും തിരുവനന്തപുരം നഗരത്തിലെ രാത്രികാല പട്രോളിംഗിനും വർഷത്തിൽ രണ്ടുതവണ നടക്കുന്ന പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ടിനും തിരുവനന്തപുരം സിറ്റിപോലീസിന് കീഴിലുള്ള അശ്വാരൂഢസേനയെ ഉപയോഗപ്പെടുത്തിവരുന്നു.

(ബി) അശ്വാരൂഢ സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 3 കുതിരകളെ ₹ 6,26,906 (ആറുലക്ഷത്തി ഇരുപത്തി ആറായിരത്തി തൊള്ളായിരത്തി ആറ് രൂപ) ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

(സി) പുതിയ മാർഗ്ഗനിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

## ഇറ്റാലിയൻ നാവികരെ സുവ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതായുള്ള ആക്ഷേപം

164 (1834) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറ്റാലിയൻ കപ്പൽ എന്റിക്കലെക്സിയിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊലപ്പെടുത്തിയ കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ ;

(ബി) രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊലപ്പെടുത്തിയ ഇറ്റാലിയൻ നാവികരെ 'സുവ' നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരുന്നോ ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ കേസ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം എൻ.ഐ.എ.-യ്ക്ക് കൈമാറിയിരിക്കുകയാണ്.

(ബി) ഉണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് അറിയിപ്പുകൾ ഒന്നും ലഭിച്ചതായി കാണുന്നില്ല.

## നിയമവാഴ്ച ഉറപ്പാക്കുന്നതിൽ പോലീസ് സേനയുടെ വീഴ്ച

165 (1835) ശ്രീ. ജി. സുധാകരൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. റ്റി. എ. റഹീം :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവാഴ്ച ഉറപ്പാക്കുന്നതിൽ സംസ്ഥാനത്തെ പോലീസ്സേന ഗുരുതരമായ വീഴ്ചകൾ വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

Page 2 of 2

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതായി പറയപ്പെടുന്ന വീഴ്ചകൾ നീതി നിഷേധിക്കപ്പെടാൻ കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബാഹ്യഇടപെടലുകളും കൈക്കൂലിയും കാരണം പരാതികളിന്മേൽ പോലീസ് സ്റ്റേഷനിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എന്തുനടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ; പരാതിക്കാരന് രസീത് നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പോലീസിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപങ്ങൾ വർദ്ധിച്ചിരിക്കുന്നതിനാൽ, അരാജകത്വം വർദ്ധിച്ചതായും വിവിധതരം മാഫിയകൾ സമൂഹത്തിൽ പിടിമുറുക്കിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യാൻ വിമുഖത കാട്ടിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ ഈ സർക്കാർ ശിക്ഷാ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. പരാതിക്കാർക്ക് രസീത് നൽകുന്നുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ വിമുഖത കാട്ടിയ 2 ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിക്കെതിരായ ആക്രമണം

**166 (1836)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽവച്ച് മുഖ്യമന്ത്രിക്ക് കല്ലേറിൽ പരിക്കുപറ്റിയതായി പറയുന്ന സംഭവത്തിൽ, അക്രമം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് സംസ്ഥാന ഇന്റലിജൻസിന്റെയോ സ്പെഷ്യൽ ബ്രാഞ്ചിന്റെയോ റിപ്പോർട്ടുണ്ടായിരുന്നോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) അക്രമവുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട് ; എന്തൊക്കെ വകുപ്പനുസരിച്ച് ആർക്കൊക്കെ എതിരായി കേസെടുത്തു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് എഫ്ഐആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;